I/201646/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം.ഇ.എസ്3-5175/2024/ആ.വ.ഡ തീയതി: 02-05-2024

## ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ(എ&റ്റി) നടപടിക്രമം

വിഷയം: ശ്രീമതി.ഷെൽജിമോൾ.ജി-യുടെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 സീനിയോരിറ്റി പട്ടികയിലെ സ്ഥാനം പുന:ക്രമീകരിച്ച് നോട്ടീസ് അന്തിമമാക്കി ഉത്തരവ്.

പരാമർശം:

1. ജി.മെ.ഒ/കെ.എസ്.ഡി/354/2024, തീയതി.03/02/2024
2. ഉത്തരവ് നം.ഇഎസ്3-6621/2022/ആ.വ.ഡ,തീയതി:27/06/2023
3. ഉത്തരവ് നം.ഇഇ1-10229/2015/ആ.വ.ഡ,തീയതി:28/05/2015
4. സർക്കുലർ നം.72/2005/ഫിൻ,തീയതി.30/12/2005
5. 27/02/2024 തീയതിയിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA(EKM) NO.312/2024-ന്മേൽ പുറപ്പെടുവിച്ച ഉത്തരവ്.
6. ആ.വ.ഡ/8345/2024/ഇ.ഇ6 തീയതി:16/04/2024
7. ഇ.എസ്3-5175/2024/ആ.വ.ഡ,തീയതി:22/04/2024

## ഉത്തരവ് നം. ഇ.എസ്3-5175/2024/ആ.വ.ഡ,തീയതി:02-05-2024

മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാരിയായ ശ്രീമതി.ഷെൽജിമോൾ.ജി നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 സീനിയോരിറ്റി പട്ടികയിലെ സ്ഥാനം പുന:ക്രമീകരിക്കണമെന്ന് കാണിച്ച് കാസറഗോഡ് ജില്ലാമെഡിക്കൽ ഓഫീസർ മുഖേന പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം 2-ലെ ഉത്തരവ് പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ 548-ാം സ്ഥാനത്ത് ഉൾപ്പെട്ട ടിയാരി മേൽപ്പറഞ്ഞ ആവശ്യമുന്നയിച്ചുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A(EKM) NO.312/2024 ഫയൽ ചെയ്തിരുന്നു.08/11/2012 മുതൽ 07/11/2014 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ ടിയാരിയുടെ ജൂനിയറായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയ 21/08/2013-ലെ ഉത്തരവിൽ ടിയാരി ഉൾപ്പെട്ടിട്ടില്ലായിരുന്നു.ശൂന്യവേതനാവധി കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിച്ചതിനുശേഷം പരാമർശം 3 പ്രകാരമാണ് ടിയാരിയ്ക്ക് നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം ലഭിച്ചത്.ടി ഉത്തരവ് പ്രകാരമാണ് ടിയാരിയ്ക്ക് പരാമർശം 2-ലെ ഉത്തരവ് പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ 548-ാം സ്ഥാനം നൽകിയിരുന്നത്.

എന്നാൽ കെ.എസ്.ആർ.പാർട്ട് 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിക്കപ്പെട്ടാൽ സീനിയോരിറ്റി/സ്ഥാനക്കയറ്റം എന്നിവയെ ബാധിക്കുകയില്ലായെന്ന് പരാമർശം 4-ലെ സർക്കുലറിൽനിന്നും വ്യക്തമാകുന്നു.ഇത് പ്രകാരം പരാമർശം 5,6-ലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1

I/201646/2024

സീനിയോരിറ്റി പട്ടികയിലെ ടിയാരിയുടെ സ്ഥാനം ചുവടെ സൂചിപ്പിയ്ക്കുംവിധം പുനക്രമീകരിച്ച് പരാമർശം 7 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു..

| NAME | PEN | DATE OF BIRTH | PROMOTION ORDER | DATE ASSIGNED FOR SENIORITY | RANK NO.IN THE SENIORITY LIST OF NURSING OFICER GR 1 AS ON 31/12/2022 | NEWLY ASSIGNED RANK NO.IN THE SENIORITY LIST OF NURSING OFICER GR 1 AS ON 31/12/2022 | REMARKS |
|---|---|---|---|---|---|---|---|
| SREEJA.P.P | 360827 | 29/01/1977 | EE1/33000/13/DHS/dtd 21/08/2013 | 21/08/2013 | 272 | ---- | |
| **SHELGIMOL.G** | **379713** | **25/03/1977** | **DHS/8345/2024//dtd. 16/04/2024** | **21/08/2013** | **548** | **272A** | **LWA FROM 08.11.12 TO 07.11.14 UNDER RULE 88 OF PART 1 KSR** |
| JOBIA.V | 329733 | 02/04/1974 | EE1/33000/13/DHS/dtd 21/08/2013 | 21/08/2013 | 273 | ---- | |

പ്രസ്തുത നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ലആയതിനാൽ പരാമർശം 7-ലെ നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.പരാമർശം 2 പ്രകാരമുള്ള ഉത്തരവ് ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by
Dr. Jayasree V
Date: 02-05-2024 11:56:38

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

**സ്വീകർത്താവ്**

ബന്ധപ്പെട്ട വ്യക്തിയ്ക്ക്(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

**പകർപ്പ്**

1. അഡ്വക്കേറ്റ് ജനറൽ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപുരം(ആമുഖ കത്തിനോടൊപ്പം)
2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
3. സൂപ്രണ്ട്,ഇ.ഇ സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

I/201646/2024